പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1375 12.07.2011 - ൽ മറുപടിക്ക്

## വിലക്കയറ്റം നിയന്ത്രിക്കാൻ നടപടി

**ചോദ്യം**

ശ്രീ. എം.എ. ബേബി
ശ്രീ. കെ.വി. വിജയദാസ്
ശ്രീമതി. പി. അയിഷാ പോറ്റി
ശ്രീ. ബാബു എം. പാലിശ്ശേരി

**ഉത്തരം**

ശ്രീ. റ്റി. എം. ജേക്കബ്
(ബഹുമാനപ്പെട്ട ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി)

(എ) കേന്ദ്ര സർക്കാർ നയങ്ങൾ മൂലമുണ്ടാകുന്ന വിലക്കയറ്റം താരതമ്യേന അതിരൂക്ഷമായി ബാധിക്കുന്ന സംസ്ഥാനം കേരളമാണെന്ന കാര്യം കണക്കിലെടുത്ത് വിലക്കയറ്റത്തിന്റെ കെടുതിയിൽ നിന്ന് സാധാരണക്കാർക്ക് സംരക്ഷണം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(എ) നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ആ ദിശയിൽ മുൻ സർക്കാർ കൈക്കൊണ്ട നടപടികൾ ഈ സർക്കാർ പിന്തുടരുമോ എന്ന് വ്യക്തമാക്കുമോ;

(ബി) മുൻസർക്കാർ തുടങ്ങിയ 2 രൂപ നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി തുടർന്നു വരുന്നുണ്ട്. 13 ഇനം അവശ്യവസ്തുക്കൾ സബ്സിഡി നിരക്കിൽ റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ട്.

(സി) റേഷൻ സബ്സിഡിയും സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കൺസ്യൂമർ ഫെഡ് എന്നിവയ്ക്കുള്ള സഹായവും വർദ്ധിപ്പിക്കുമോ ;

(സി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

(ഡി) മുൻ സർക്കാരിന്റെ അഞ്ച് വർഷക്കാലയളവിൽ റേഷൻ സബ്സിഡിയായും സിവിൽ സപ്ലൈസ് കോർപ്പറേഷന് ധനസഹായമായും മൊത്തം എന്തു തുക ചെലവഴിച്ചിട്ടുണ്ടായിരുന്നുവെന്ന് വെളിപ്പെടുത്തുമോ?

(ഡി) മുൻ സർക്കാരിന്റെ അഞ്ചു വർഷക്കാലയളവിൽ റേഷൻ സബ്സിഡിയായി 815.46 കോടി രൂപയും സിവിൽ സപ്ലൈസ് കോർപ്പറേഷൻ സബ്സിഡിയിനത്തിൽ 334.31 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.